(ബി) എങ്കിൽ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് പോലീസ് സ്റ്റേഷനുകൾ പരിഗണനയിലുള്ളതെന്ന് വിശദീകരിക്കാമോ ;

(സി) ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷന്റെ പരിധിയിൽപ്പെട്ട അമ്പലത്തറയിൽ പുതുതായി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പ്രഖ്യാപിച്ചിട്ടും ആരംഭിക്കാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി-ഡി) സംസ്ഥാനത്ത് പുതിയതായി പോലീസ് സ്റ്റേഷനുകൾ തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥലങ്ങളുടെ ഒരു മുൻഗണനാ ലിസ്റ്റ് അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ കാസർഗോഡ് ജില്ലയിലെ 'വിദ്യാനഗർ' 'മേൽപറമ്പ' 'ഉപ്പള' 'അമ്പലത്തറ' 'ചെറുവത്തൂർ' എന്നീ സ്ഥലങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പോലീസ് ഡയറക്ടർ ജനറലിൽ നിന്നും മുൻഗണനാക്രമത്തിൽ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

മലയാലപ്പുഴയിൽ പോലീസ് സ്റ്റേഷൻ

116 (1051) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴയിൽ പോലീസ് സ്റ്റേഷൻ ഇല്ലാത്തതിനാൽ കുറ്റകൃത്യങ്ങളും പരാതികളും കൂടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മലയാലപ്പുഴയിൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുവാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) പോലീസ് സ്റ്റേഷൻ ആരംഭിക്കുവാനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുമോ എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് പുതിയതായി പോലീസ് സ്റ്റേഷനുകൾ ആരംഭിക്കേണ്ട സ്ഥലങ്ങളുടെ ഒരു മുൻഗണന ലിസ്റ്റ് സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പോലീസ് ഡയറക്ടർ ജനറലിൽ നിന്നും മുൻഗണനാക്രമത്തിൽ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറക്ക് ആവശ്യമായ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly